# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1148/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/10/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1148/22 തീയ്യതി: 07/10/2022

## കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 02-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 04-10-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2022 | 12-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-08-2022 | 12-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതവാണി എൻ.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.മനോജ് കുമാർ ടി ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി നിഷ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി നിഖില എ.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനില.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 09-04-2021 |
| ശ്രീ.അനിൽ കുമാർ.പി | സെക്രട്ടറി | 10-04-2021 | 28-09-2021 |
| ശ്രീമതി.അനില.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2021 | 30-09-2021 |
| ശ്രീമതി.സവിത.എം | സെക്രട്ടറി | 01-10-2021 | 26-10-2021 |
| ശ്രീമതി.അനില.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2021 | 10-11-2021 |
| ശ്രീമതി.സവിത.എം | സെക്രട്ടറി | 11-11-2021 | 12-11-2021 |
| ശ്രീമതി.അനില.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-11-2021 | 02-12-2021 |
| ശ്രീമതി.സവിത.എം | സെക്രട്ടറി | 03-12-2021 | 31-03-2022 |
| ശ്രീമതി പ്രേമവല്ലി പി.വി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വതി.എസ് | കൃഷി ഓഫീസർ | 01-04-2021 | 17-06-2021 |
| ശ്രീമതി.രമ.കെ.ടി | കൃഷി ഓഫീസർ-ഇൻ-ചാർജ്ജ് | 18-06-2021 | 31-03-2022 |
| ശ്രീമതി. ദീപ കിരൺ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.മനു മോഹൻ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീ.റനിൽ.പി.പി | വി ഇ ഒ (കടമ്പൂർ സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ജലജ.സി.പി | വി ഇ ഒ (കാടാച്ചിറ സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ജമീല.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 01-07-2021 |
| ശ്രീമതി.ജൂന.കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-07-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ രാജൻ.എം.ഡി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനില.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-07-2021 |
| ശ്രീമതി.റിൻഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.രാജേഷ്.ആർ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-4 |
| 6 | വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച 39.68 ലക്ഷം പാഴായി<br>Written By: Lathavani (Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-5 |
| 8 | നഗര സഞ്ചയ ഗ്രാന്റ് ₹ 35 ലക്ഷം വകയിരുത്തി ശുചിത്വം,മാല്യന്യ സംസ്കരണം,കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല<br>Written By: Lathavani (Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-5-(1) |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-6 |
| 10 | എം.ജി.എൻ.ആർ.ജി.എസ്. പദ്ധതി അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-6-1 |
| 11 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-7 |
| 12 | സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കേണ്ടത്<br>Written By: Lathavani (Audit Officer, On 15-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-7-1 |
| 13 | ക്യാഷ് പരിശോധന<br>Written By: Nikhila A.M. (Auditor, On 15-08-2022)<br>Last Updated By: Nikhila A.M. (Auditor, On 15-08-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-9 |
| 15 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-10 |
| 16 | ഗ്രാമ സഭ | 1-11 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | |
| 17 | ഇ ടെണ്ടർ - ടെണ്ടർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-12 |
| 18 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല<br>Written By: Nikhila A.M. (Auditor, On 11-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-13 |
| 19 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-14 |
| 20 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-15 |
| 21 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-16 |
| 22 | ലൈസൻസ് എടുക്കാതെ വളർത്തുനായകളെ പരിപാലിക്കുന്നത് ചട്ടവിരുദ്ധം<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-17 |
| 23 | ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള നിയമാവലിക്ക് അംഗീകാരം ലഭ്യമായിട്ടില്ല<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-18 |
| 24 | അഡ്വാൻസ് നൽകിയതും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-19 |
| 25 | ലാപ്സ്ഡ് ഡെപ്പോസിറ്റ് മുതൽ കൂട്ടാതെ അവശേഷിക്കുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-20 |
| 26 | സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-21 |
| 27 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക -₹186548 – കുടിശ്ശികയും പിഴയും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Nisha K (Senior Grade Auditor, On 31-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-22 |
| 28 | മത്സ്യ മാർക്കറ്റിന്റെ വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടവാക്കി-₹5324 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-23 |
| 29 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-24 |
| 30 | കന്നുകുട്ടികളെ ദത്തെടുക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-25 |

| | | |
|---|---|---|
| 31 | ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു. 25204 രൂപ നിരാകരിക്കുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 15-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-26 |
| 32 | പൂർത്തീകരിക്കാൻ വൈകിയ നിർമ്മാണ പ്രവൃത്തി- കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-27 |
| 33 | പ്രവൃത്തി പൂർത്തിയായ ശേഷം മരാമത്ത് പ്രവൃത്തികളുടെ കാലാവധി മുൻകാല പ്രാബല്യത്തോടെ ദീർഘിപ്പിച്ചുനൽകുന്നത് ഒഴിവാക്കേണ്ടതാണ്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-28 |
| 34 | പ്രിന്റർ ലഭിക്കാത്തത്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-29 |
| 35 | താർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-30 |
| 36 | മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല - ₹2,60,000 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-09-2022) | 1-31 |
| 37 | ബാലസഭ കുട്ടികൾക്ക് സപോർട്സ് കിറ്റ് വിതരണം - സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹1,13,400 തടസ്സപ്പെടുത്തുന്നു<br>Written By: Nikhila A.M. (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-32 |
| 38 | ഹോമിയോ ഡിസ്പെൻസറിക്ക് ₹200000യുടെ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-33 |
| 39 | തുല്യതാ പഠനം -പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Nisha K (Senior Grade Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു. 25204 രൂപ നിരാകരിക്കുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 15-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 10-08-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 22-09-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Lathavani (Audit Officer, On 10-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Lathavani (Audit Officer, On 10-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 10-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-09-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 15-08-2022)<br>Last Updated By: Lathavani (Audit Officer, On 15-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 15-08-2022)<br>Last Updated By: Lathavani (Audit Officer, On 15-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 15-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 15-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20.2.2021 ലെ അജണ്ട-2- 85/2021(1) നമ്പർ തീരുമാന പ്രകാരം ബജറ്റും , 25.3.2022 ലെ അജണ്ട-1- 123/2022 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| ബജറ്റ് | | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 23,89,000 | 16,14,480 |
| വരവ് | 12,56,44,000 | 10,53,71,625 |
| ആകെ | 12,80,33,000 | 10,69,86,105 |
| ചെലവ് | 12,67,60,000 | 10,49,02,856 |
| നീക്കിയിരിപ്പ് | 12,73,000 | 20,83,249 |

ഘടക സ്ഥാപന മേധാവികളോട് കരട് ബജറ്റ് പ്രൊപ്പോസൽ ആവശ്യപ്പെടുന്നതിലും അവ സമർപ്പിക്കുന്നതിലും 02.12.2016ലെ GO(Rt) 3291/16/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ബജറ്റ് മാന്വവലിലെ സമയക്രമം പാലിച്ചിട്ടില്ല . ബജറ്റ് അവതരണത്തിനുള്ള പ്രത്യേക പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുമ്പോൾ തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റിൽ ബജറ്റ് പ്രസംഗം,ബജറ്റ് നോട്ട്, പെർഫോർമൻസ് ബജറ്റ്,ജെൻഡർ ബജറ്റ് ,ബജറ്റ് പത്രിക,ഷെഡ്യൂൾ എന്നീ രേഖകൾ ഉൾപ്പെടുത്തണമെന്നുണ്ടെങ്കിലും ബജറ്റ് പത്രിക,ഷെഡ്യൂൾ ഒഴികെ ബാക്കി രേഖകൾ തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

കടമ്പൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 13.05.2022 ലെ തീരുമാനം നമ്പർ 191/2022(1) പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 17.05.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ഉൾപ്പെടുത്തിയിട്ടില്ല.

2) വികസന ഫണ്ട് ജനറൽ ഇനത്തിലുള്ള വരവ് തുകയായ I-6 ഷെഡ്യൂളിൽ ചേർത്ത തുക പദ്ധതി ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ജി.ഒ. പ്രോജക്റ്റ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എൻട്രി വരുത്തുന്നതിൽ വന്ന വീഴ്ച മൂലമാണ് ഇത് സംഭവിച്ചത്. I-6-ൽ 10067800 രൂപയും പദ്ധതി ചെലവ് പത്രികയിൽ 1031600/- രൂപയും ആണ്.

3) ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റിൽ വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായ തുകയല്ല ലൈബ്രറിസെസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി കുടിശ്ശിക 335828 ആണ്. എന്നാൽ ലൈബ്രറി സെസ് 16007 ആണ്.

5) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ മുന്നിരിപ്പ്, വരവ്, തൻ വർഷ ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

6) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7) എസ്.ബി.ഐ. കാടാച്ചിറ ശാഖയിലെ സി.എഫ്.സി. പി.എഫ്.എം.എസ്. അക്കൗണ്ടിന്റെ ആർ.പി. 40(ബി) പ്രകാരമുള്ള നീക്കിയിരിപ്പ് 5,63,565 ആണ്. എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ടൈഡിന്റെ നീക്കിയിരിപ്പ് 275537 രൂപയും അൺ ടൈഡിന്റെ നീക്കിയിരിപ്പ് -1860 ഉം ആണ്. (ആകെ തുക 2736377) വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ

8/6.08.2022) പരിശോധിച്ച് മറുപടി സമർപ്പിക്കാം എന്നാണ് പഞ്ചായത്ത് വിശദീകരണം നൽകിയത്.

8) ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ 320200309 ലിറ്ററസി സ്കീം ഗ്രാന്റ് എന്ന ഹെഡ്ഡിൽ 1448 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ബി17 , ആർ.പി.49 എന്നീ ഷെഡ്യൂളുകളിൽ 16455 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. പലിശ ഹെഡ് മാറി പോസ്റ്റ് ചെയ്തതാണ് വ്യത്യാസത്തിന്റെ കാരണം എന്നാണ് പഞ്ചായത്ത് വിശദീകരണം നൽകിയത്.

9) ബി-9 ഷെഡ്യൂളിൽ ഇൻ കം ടാക്സ്, ജി.എസ്.റ്റി ഇനങ്ങളിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകളുടെ അടവ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.(ഐ.ടി. 57925/- (CGST – 13335, SGST – 13336))

10) ബി 9 ഷെഡ്യൂളിലെ 35200112എന്ന ഹെഡ്ഡിലെ 10,000 രൂപ,350800299 എന്ന ഹെഡ്ഡിലെ 64952 രൂപ എന്നിവയുടെ വിശദംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. I-6 ഷെഡ്യൂളിൽ വരവായി കാണിച്ചിരിക്കുന്ന തുക 14633075 ആണ്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം 14637993 ആണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

12) ബി-18 ഷെഡ്യൂളിൽ 460500501 എന്ന ഹെഡ്ഡിൽ നിർവഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തിയ 59038 രൂപ പ്രസിഡണ്ടിനു ലാപ് ടോപ് വാങ്ങുന്നതിനുള്ള പദ്ധതിയിൽ 2021-22 വർഷം ചെലവഴിച്ചതാണ്. (പ്രോജക്ട് നമ്പർ – 148) ചെലവഴിച്ച തുക ക്രമീകരിക്കാനുള്ള മുൻകൂറായി രേഖപ്പെടുത്തിയ നടപടി ശരിയല്ല.

13) 460509901 Advanvance To Others എന്ന ഹെഡ്ഡിൽ അഡ്വാൻസ് രജിസ്റ്ററിൽ 437130 രൂപയാണ് ചേർത്തിരിക്കുന്നത്. എന്നാൽ ആർ.പി. 47 ഷെഡ്യൂളിൽ 386720ആണ്.

14) 460100103 Temporary Advance For Official Purpose എന്ന ഹെഡ്ഡിൽ മുൻകൂർ നൽകിയത് അഡ്വാൻസ് രജിസ്റ്ററിൽ 1177390/- രൂപയാണ്. എന്നാൽ RP47 ഷെഡ്യൂളിൽ 547660/- രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 66,34,048.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,12,74,495.00 |
| ആകെ | 5,79,08,543.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,12,20,541.00 |
| നീക്കിയിരിപ്പ് | 66,88,002.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,204.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,78,204.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 10316405 | 10316405 | 10316000 | 405 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 598282 | 598282 | 594000 | 4282 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 6055349 | 6055349 | 4428623 | 1626726 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5202519 | 5202519 | 2865437 | 2337082 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (എ.സി.ആർ പ്രകാരം) | - | 4989827 | 4989827 | 3778185 | 1211642 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | - | 1964678 | 1964678 | 1966538 | -1860 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4586 | 14637993 | 14642579 | 14642347 | 232 |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം | 212660 | 690364 | 903024 | 400000 | 503024 |
| സാക്ഷരത | 0 | 1448 | 1448 | 0 | 1448 |
| ശുചിത്വ മിഷൻ | 11,95,324 | 179615 | 13,74,939 | 13,74,939 | 0 |
| ആശ്രയ | 23735 | 589379 | 613114 | 596379 | 16735 |
| വിമുക്തി | 37000 | - | 37000 | - | 37000 |
| അങ്കണവാടി ടോയിലറ്റ് & ബോർഡ് സ്ഥാപിക്കൽ | 48000 | - | 48000 | 36000 | 12000 |
| എൽ.എസ്.ജി ഇലക്ഷൻ | - | 7000 | 7000 | 7000 | _ |
| ശുചിത്വ മിഷൻ | 1195324 | 59615 | 1254939 | 1254939 | - |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വരവ് ചെലവുകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി ചെലവുകൾ വ്യക്തമായി രേഖപ്പെടുത്തിയ എ.സി.ആർ. പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ഇനത്തിൽ ടൈഡ് ഇനത്തിലെ തുക ഉപയോഗിച്ച് അധിക ചെലവ് (1860) നടത്തിയതിനാൽ മൈനസ് ബാലൻസ് ഉണ്ടായി. അൺടൈഡ് ഇനത്തിലെ തിരിച്ചടവ് അക്കൌണ്ടിലേക്ക് വന്നതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഈ അപാകം പരിഹരിക്കപ്പെട്ടു എന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. ഫണ്ട് വക മാറ്റി ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. 2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കടമ്പൂർ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-4-1 വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച 39.68 ലക്ഷം പാഴായി

2021-22 വർഷത്തെ വികസന ഫണ്ട്, ജനറൽ സംരക്ഷണ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വരവ് ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു. വകയിരുത്തിയ പദ്ധതി തുകയുടെ 82% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 55%-വും യഥാക്രമം 73%-വും മാത്രമാണ് ചെലവഴിച്ചത്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകാത്തതിനാൽ താഴെ കാണും പ്രകാരം 55.50 ലക്ഷം രൂപ നഷ്ടപ്പെട്ടിരിക്കയാണ്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയ ബന്ധിതമായി

നടപ്പിലാക്കാത്തതിനാലാണ് ലഭ്യമായ ഫണ്ട് നഷ്ടപ്പെടാനിടയായത്.

ഓരോ ഫണ്ടിനത്തിലും പഞ്ചായത്തിന് നഷ്ടപ്പെട്ട തുകകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ വരവ് | ചെലവ് | ലാപ്സ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 10316405 | 10316000 | 405 |
| വികസനഫണ്ട്-എസ്.സി.പി | 598282 | 594000 | 4282 |
| മെയിന്റനൻസ്-റോഡ് | 6055349 | 4428623 | 1626726 |
| മെയിന്റനൻസ്-നോൺറോഡ് | 5202519 | 2865437 | 2337082 |
| | 22172555 | 18204060 | 3968495 |

നടപ്പാക്കാത്ത പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു

| ഗ്രാന്റ് | പ്രോജക്ട് |
|---|---|
| സംരക്ഷണ ഗ്രാന്റ് റോഡിതരം | അങ്കണ വാടികൾക്ക് ഫുഡ് കണ്ടെയ്നർ,ക്യാബിനറ്റ്,മേശ,കസേര |
| | സബ് സെൻറർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ |
| | അങ്കണ വാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| | വ്യക്തിഗത കിണർ റീചാർജ്ജിംഗ് |
| | പൊതു ശ്മശാനം സൗന്ദര്യവൽക്കരണം |
| | തുമ്പൂർ മൊഴി (സാമൂഹികതല കമ്പോസ്റ്റിംഗ് സംവിധാനം) |
| | കെ.യു.പിസ്കൂൾ റോഡ് |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | കൊങ്ങാട്ട് പീടിക കാറാട്ട് മോട്ട തന്നട റോഡ് |
| | ശ്രീനാരായണ അങ്കണ വാടി മുറ്റിയറക്കണ്ടി റോഡ് പുനരുദ്ധാരണം |
| | ആട്ടൂർ പാലം മാളികപ്പറമ്പ് റോഡ് സൈഡ് സംരക്ഷണം |
| സംരക്ഷണ ഗ്രാന്റ് - റോഡ് | ശ്രേയസ്സ് മുക്ക് ലിങ്ക് റോഡ് നവീകരണം |

നിർവ്വഹണം നടത്തുവാൻ കഴിയുന്ന പദ്ധതികൾ മാത്രം വിഭാവനം ചെയ്ത് ആയവ കൃത്യമായി നടപ്പിലാക്കി ലഭ്യമായ ഫണ്ട് മുഴുവൻ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയപദ്ധതികളുടെഎണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 149 | 5,14,41,836 | 117 | 3,31,86,460 | 87 | 30 | 32 | 58 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി അടങ്കൽ | അംഗീ കരിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 25,49,610 | 12 | 19,96,417 | 12 | 78 |
| 2 | വെറ്റിനറിസർജൻ | 13,07,000 | 10 | 7,00,750 | 10 | 54 |
| 3 | മെഡിക്കൽഓഫീസർ (എഫ്എച്ച്സി) | 31,11,502 | 7 | 31,11,466 | 7 | 100 |
| 4 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -കടമ്പൂർ | 36,76,771 | 5 | 23,30,947 | 3 | 63 |
| 5 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ-കാടാച്ചിറ | 57,70,901 | 16 | 37,57,781 | 13 | 65 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 46,02,341 | 9 | 38,72,344 | 8 | 84 |
| 7 | സെക്രട്ടറി | 70,44,135 | 27 | 36,07,957 | 19 | 51 |
| 8 | അസിസ്റ്റന്റ്എഞ്ചിനീയർ | 2,22,64,721 | 51 | 1,30,18,714 | 35 | 58 |
| 9 | അസിസ്റ്റന്റ്സെക്രട്ടറി | 6,69,990 | 9 | 4,94,990 | 7 | 74 |
| 10 | സബ്ഇൻസ്പെക്ടർഓഫ്ഫിഷറീസ് | 1,64,865 | 1 | 15,094 | 1 | 9 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2,80,000 | 2 | 2,80,000 | 2 | 100 |
| | | 5,14,41,836 | 149 | 3,31,86,460 | 117 | 65 |

## 1-5-(1) നഗര സഞ്ചയ ഗ്രാന്റ് ₹ 35 ലക്ഷം വകയിരുത്തി ശുചിത്വം,മാല്യന്യ സംസ്കരണം,കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല

2021-22 വർഷത്തേക്കുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള സ ഉ (സാധാ)നം 474/2022/ L S G D തീയതി 26.2.2022 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നഗര സഞ്ചയ ഗ്രാന്റ് വകയിരുത്തി നിർവഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തെ തുടർന്ന് താഴെ പറയുന്ന 6 പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമാവുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. നഗര സഞ്ചയ ഗ്രാന്റ് ലഭിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട അടിസ്ഥാന വ്യവസ്ഥകൾ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 28.7.2021ലെ 15(2) FC-15/FCD/2020-25നമ്പർ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | അടങ്കൽ |
|---|---|---|---|
| 1 | സെക്രട്ടറി | 202/22-സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ | 2,40,000 |

| | | | |
|---|---|---|---|
| 2 | സെക്രട്ടറി | 208/22-ഹരിതകർമ്മസേന ഇലക്ട്രിക് ഗാർബേജ് കളക്ഷൻ റിക്ഷ | 4,00,000 |
| 3 | സെക്രട്ടറി | 193/22എം സി എഫിൽ പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് | 6,50,000 |
| 4 | വി ഇ ഒ | 192/22-ഹരിതകർമ്മസേന അടിസ്ഥാന സൗകര്യം | 1,00,000 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | 206/22-ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 1,00,000 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 145/22-എം സി എഫ് കോമ്പൗണ്ടിൽ മഴവെള്ള സംഭരണി | 20,00,000 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 4586 | 14637993 | 14642579 | 14642347 | 232 |

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക ₹14633075 ആണ്. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കുകളാണ് ഇവിടെ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## 1-6-1 എം.ജി.എൻ.ആർ.ജി.എസ്. പദ്ധതി അവലോകനം

കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ എം.ജി.എൻ.ആർ.ജി.എസ്. പദ്ധതിയിൽ ആക്ഷൻ പ്ലാൻ പ്രകാരം 465 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. ഇതിൽ 110 പദ്ധതികളാണ് ഏറ്റെടുത്തത്. അവയിൽ 95 പദ്ധതികളാണ് പൂർത്തിയായത്. തൻ വർഷം 181 കുടുംബങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു . 534 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. 251 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി.33478 തൊഴിൽ ദിനങ്ങളാണ് ആകെ സൃഷ്ടിക്കപ്പെട്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) തുക അനുവദിച്ചതിൽ അപാകം

ബന്ധപ്പട്ടവരുടെ അറിവോ സമ്മതമോ ഇല്ലാതെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും ഡിജിറ്റൽ സിഗ്നേച്ചർ എടുത്ത് കാറാട്ട്പറമ്പ് പണാരപ്പര റോഡ് സഞ്ചാരയോഗ്യമാക്കലും ഓവ്ചാൽ നിർമ്മാണവും പ്രവൃത്തിക്കു മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് തുക നൽകാതെ മറ്റൊരു കോൺട്രാക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് എം.ജി.എൻ.ആർ.ജി.എ.യുടെ അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയ ഷീബ ടി.സി, ഓവർസീയർ നിഖില ഒ.കെ. എന്നിവരോട് 25-01-2020ലെ9/2021(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരം ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച സാഹചര്യം എന്തായിരുന്നു, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും ഡിജിറ്റൽ സിഗ്നേച്ചറും പാസ് വേഡും കരാർ ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് വിട്ടു നൽകിയത് എന്ത് അടിസ്ഥാനത്തിലാണ്, ഇപ്പോഴും ഡിജിറ്റൽ സിഗ്നേച്ചർ മറ്റ് ജീവനക്കാർ ഉപയോഗിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണെന്നും മേൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ, കോടതി കേസുകൾ നില നിൽക്കുന്നുണ്ടെങ്കിൽ ആയത്

സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/11.08.2022) നൽകിയെങ്കിലും പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഡിജിറ്റൽ സിഗ്നേച്ചർ മറ്റ് ജീവനക്കാർ ഉപയോഗിച്ച എന്നത് പഞ്ചായത്തിന്റെ മേൽ നോട്ട സംവിധാനത്തിലുള്ള വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2) ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല

ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ/ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല.

3) സൈറ്റ് ഡയറി സൂക്ഷിക്കുന്നില്ല

2021-22 വർഷത്തെ ഭൂരി ഭാഗം ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

4) സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കരാറുകാർ ഉൾപ്പെട്ട വാങ്ങൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല.

5) സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 17,36,800 | 107 |
| വിധവാപെൻഷൻ | 1,13,99,200 | 741 |
| വാർദ്ധക്യകാല പെൻഷൻ | 2,58,34,000 | 1871 |
| ഭിന്ന ശേഷി പെൻഷൻ | 33,80,500 | 225 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 26,56,600 | 171 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 4 |

## 1-7-1 സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കേണ്ടത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം താഴെ പറയുന്ന, സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ താഴെ പറയും പ്രകാരം സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്ന 7 ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ട്. ഇവർക്ക് 11.3.2021തീയതിയിലെ സി3/1468/21കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് ( 10/11.8.2022 ) മറുപടി നൽകിയത് .

| പേര് | പെൻഷണർ ഐഡി | പെൻഷൻ | റിമാർക്സ് |
|---|---|---|---|
| രാധ | 111390200969 | ഇന്ദിരാ ഗാന്ധി | 4/20 |

| | | | |
|---|---|---|---|
| | | ദേശീയ വാർദ്ധക്യകാല പെൻഷൻ | വരെ കൈപ്പറ്റി |
| ശ്രീദേവി പി | 111390201299 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4/20 വരെ കൈപ്പറ്റി |
| മാലതി.പി.പി | 111390201618 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4/20 വരെ കൈപ്പറ്റി |
| കെ. സുലോചന | 111390600181 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 4/20 വരെ കൈപ്പറ്റി |
| ശാന്ത കുമാരി | 111390500010 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 4/20 വരെ കൈപ്പറ്റി |
| ചന്ദ്രി. എം | 111390500118 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 4/19 വരെ കൈപ്പറ്റി |
| ഗൗരി .കെ | 111390201623 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4/19 വരെ കൈപ്പറ്റി |

50 വയസിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ കൈപ്പറ്റുന്ന കുമാരി.കെ.വി . കല്ലിന്റെ വളപ്പിൽ (പെൻഷൻ ഐ ഡി നം 111390500087) 4/21 മുതൽ തമിഴ് നാട് സർക്കാരിന്റെ ഫാമിലി പെൻഷൻ വാങ്ങിക്കുന്നതിനാൽ (ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 18/21 Dt 6.5.21) 5/21മുതൽ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ട് . സാമൂഹ്യസുരക്ഷപെൻഷൻ റദ്ദ് ചെയ്യുന്ന സമയത്ത് ഫാമിലി പെൻഷൻ പാസ്സായിട്ടില്ല എന്നാണ് ടിയാരി അറിയിച്ചതെന്നും ,അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പെൻഷൻ ബുക്ക് പരിശോധിച്ച് ഉറപ്പ് വരുത്തി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്

മേൽ പരാമർശിച്ചവർക്ക് അധികം നൽകിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള 001101023000269 നമ്പർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-2022 ന് 3.43 Pm സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7039 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സമഗ്ര ജോലി വിഭജനം, സെക്ഷൻ പുനഃക്രമീകരണം എന്നിവ ഇക്കാലയളവിൽ ഉണ്ടായിട്ടില്ല. അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനുള്ള ഓഫീസ് ഉത്തരവ് വർഷാവസാനമാണ് പുറപ്പെടുവിച്ചത്. കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ കാലതാമസം ഉണ്ടാകുന്നതായി സ്റ്റാഫ് മീറ്റിംഗിൽ വിലയിരുത്തിയിട്ടുണ്ട്. പ്ലാനിലെ അളവും വരച്ചതിലെ അളവും വ്യത്യാസപ്പെടുന്നതിനാൽ തെറ്റുകൾ ഉണ്ടാകുന്നതായും അതിനാൽ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരുടെ യോഗം വിളിച്ച് ചേർക്കാനും തെറ്റായ വിധത്തിൽ പ്ലാൻ നൽകുന്നവരുടെ ലൈസൻസ്

റദ്ദാക്കാനും തീരുമാനമെടുത്തിട്ടുണ്ട്.എന്നാൽ ഇത് പ്രയോഗികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട് എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായും പുതുക്കുന്നതിനായും സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള നിയമാവലിക്ക് അംഗീകാരം ഈ വർഷവും ലഭ്യമായിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്തു പട്ടികൾക്കും പ്രതിരോധകുത്തിവെപ്പ് എടുക്കുന്നില്ല. ഉത്തരവാദപ്പെട്ടവർ ഇക്കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും ഡിജിറ്റൽ സിഗ്നേച്ചറും പാസ് വേഡും മഹാത്മാ ഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് കരാർ ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് വിട്ടു നൽകി, കോടതി കേസുകൾ സംജാതമാകാൻ ഇടയായത് മേൽ നോട്ട സംവിധാനത്തിലുള്ള പാളിച്ചയാണ് .

സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജാഗ്രത പാലിക്കേണ്ടതാണ്.

## 1-10 വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

2021-22 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി 1/2/2021ന് യോഗം ചേർന്നിട്ടുണ്ട്. വികസന സെമിനാർ 10.2.2021ന് ചേർന്നിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അവസ്ഥ രേഖ വികസന രേഖ എന്നിവ തയ്യാറാക്കാനായി 22/12/2021-ന് വികസന സെമിനാർ വീണ്ടും ചേർന്നിട്ടുണ്ട്.

2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 3 തവണ യോഗം ചേർന്നിട്ടുണ്ട്
(2.2.2021, 5.2.2021, 10.2.2021) മിക്ക വർക്കിംഗ് ഗ്രൂപ്പ് മിനുട്ടിസിലും നടപ്പിലാക്കിയ/നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്കുകളുടെ ലിസ്റ്റ് മാത്രമാണ് രേഖപ്പെടുത്തുന്നത് .

മോണിറ്ററിംഗ് ഫലപ്രദമല്ല -പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്റ്റിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. (സ.ഉ. 11/2018/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 3-12ബി13) എന്നാൽ മിക്കവർക്കിംഗ് ഗ്രൂപ്പുകളിലും ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഉണ്ടാകുന്നില്ല. പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വയ്ക്കുന്നുണ്ടെങ്കിലും ചെയർമാൻ/ചെയർപെഴ്സൺ സാക്ഷ്യപ്പെടുത്തുന്നതല്ലാതെ കൺവീനർ സാക്ഷ്യപ്പെടുത്തുന്നില്ല .ഉദാഹരണമായി പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പ്

സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിന്റെ അജണ്ട, തീരുമാനങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. മിനുട്ട്സ് എഴുതിയവ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11 ഗ്രാമ സഭ

2021-22 വർഷത്തിൽ ഒരു തവണ മാത്രമാണ് ഗ്രാമ സഭ (21/1/2022) ചേർന്നിട്ടുള്ളത്. ഈ ഗ്രാമ സഭയിൽ 2020-21 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ 2021-22 വർഷത്തെ വാർഡ് വികസന സമിതി രൂപീകരണം, 2022-23 വർഷത്തെ വാർഷിക പദ്ധതി അംഗീകാരം, അതി ദാരിദ്ര്യ സർവ്വെ, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരണം നൽകൽ എന്നിവയാണ് പ്രധാനപ്പെട്ട അജണ്ട. ഗ്രാമ സഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്. ഗ്രാമ സഭ മിനുട്ട്സ് കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില ഗ്രാമസഭകളിലെ മിനുട്ട്സ് (ഉദാ-വാർഡ്-3) ഇപ്രകാരം രണ്ട് പേരും സാക്ഷ്യപ്പെടുത്തുന്നില്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗേരഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3 പ്രകാരം ഓരോ ഗ്രാമ സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി ഗ്രാമ സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-12 ഇ ടെണ്ടർ - ടെണ്ടർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള ഉക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ

പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ 31-03-2022 വരെ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത 77,718രൂപ ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിക്കാനുണ്ട്. തുക ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

2014-15, 2015-16, 2016-17 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് പെർമ്മിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ചഭാഗത്തിന്റെയും വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 1/26 A | വലിയചാലിൽ രതി | 163/15-16 30.12.15 To 29.012.18 | GF(നിലവിലുള്ളത്)-75.05<br>FF(pro)-75.05 | 76.69 |
| 2 | 7/178 | കെ.വി.ഭാർഗ്ഗവി | 79/15-16 25.08.15 To 24.08.18 | GF(നിലവിലുള്ളത്)-102.65<br>FF(pro)-29.11 | 83 |
| 3 | 6/315 | കുണ്ടത്തിൽ ഉത്തമൻ | 65/15-16 31.07.15 To 30.7.19 | GF(നിലവിലുള്ളത്)-61.82<br>GF(pro)-52.80 | 63 |
| 4 | 7/247 | കപ്പണത്താഴെ ശശികുമാർ | 224/15-16 23.03.16 To 22.03.19 | GF(നിലവിലുള്ളത്)-59.11<br>FF(pro)-53.99 | 52 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 06 തീയതി 05-08-2022) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | 7/258 | സ്നേഹലത | 2021-22 |
| 2 | 7/234 | രാമദാസൻ | 2021-22 |
| 3 | 7/ 199 | നാണു | 2021-22 |
| 4 | 7/193 | വസന്ത | 2021-22 |
| 5 | 7/191 | നാരായണന് | 2021-22 |
| 6 | 7/1 | പ്രേമജ | 2021-22 |
| 7 | 7/181 | പവനൻ | 2021-22 |
| 8 | 7/168 | സാവിത്രി | 2021-22 |
| 9 | 6/269 | ഒ. സുഗേഷ് | 2021-22 |
| 10 | 6/61 | രാധിക | 2021-22 |
| 11 | 9/9 | ചന്ദ്രൻ | 2021-22 |
| 12 | 5/204 A | പ്രശാന്ത് | 2021-22 |
| 13 | 5/160 | രവീന്ദ്രൻ | 2021-22 |
| 14 | 10/212 | പ്രസീത | 2021-22 |
| 15 | 10/190 | പ്രസാദ് | 2021-22 |
| 16 | 10/167 | അരവിന്ദാക്ഷൻ | 2021-22 |
| 17 | 10/107 | പി. വി. ഭാസകരൻ | 2021-22 |
| 18 | 11/370 | സുലോചന | 2021-22 |
| 19 | 11/312 | ലക്ഷ്മണൻ | 2021-22 |
| 20 | 11/268 | കുഞ്ഞിരാമൻ | 2021-22 |
| 21 | 11/265 | പുരുഷോത്തമൻ | 2021-22 |
| 22 | 11/257 | ഭരതൻ | 2021-22 |
| 23 | 11/252 | ലക്ഷ്മണൻ | 2021-22 |
| 24 | 11/132 | ബാലക്കുറുപ്പ് | 2021-22 |
| 25 | 11/121 | പ്രസന്ന | 2021-22 |
| 26 | 9/31 | രാമചന്ദ്രൻ | 2021-22 |
| 27 | 11/83 | നാണി | 2021-22 |
| 28 | 11/29 | ചാലിൽ സതി | 2021-22 |
| 29 | 9/588 | രാജീവൻ | 2021-22 |
| 30 | 9/585 | വിജയന് | 2021-22 |

| | | | |
|---|---|---|---|
| 31 | 9/510 | പ്രീജ | 2021-22 |
| 32 | 9/482 | രജീഷ് | 2021-22 |
| 33 | 9/65 | ഉത്തമൻ | 2021-22 |
| 34 | 9/41 | ശോഭന | 2021-22 |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/21-22 തീയതി 05/08/22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ താഴെപറയും പ്രകാരമാണ്. (സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | $100m^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1115 |
| 2 | $100m^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 209 |
| 3 | $200m^2$വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 2 |
| 4 | $200m^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 5 |
| 6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 26 |
| 7 | ഇതര വ്യവസായങ്ങൾക്കുള്ളവ | 17 |
| | ആകെ | 1375 |

കടമ്പൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ആകെ 1375 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പ്രകാരം വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1375 കെട്ടിടങ്ങളിൽ 344 സ്ഥാപനങ്ങൾ മാത്രമെ ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. 2021-22 വർഷം 371 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 1004 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് (28/11.08.22)നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 27% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 73% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡ്സ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ കടമ്പൂർ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(4/05.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന നമ്പർ 17/26/18(1) തിയ്യതി 22/01/2018 പ്രകാരം ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട പരമാവധി ഫീസിനത്തിൽ ഏറ്റവും കുറഞ്ഞ ഫീസായ 500/- രൂപയിലും കുറവ് തുകയാണ് ഈടാക്കിയത്.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം /സംരംഭം | ഈടാക്കിയ ഫീസ്(₹) /രശീത് നം. |
|---|---|---|---|
| 1 | സി.കെ. യൂസഫ് | 12/479 | 200/- 120020104579/17.02.21 |
| 2 | സനൽ. സി | 2/79 സ്റ്റേഷണറി | 300/- 120020104636/18.02.21 |
| 3 | മുള്ളങ്കണ്ടി പവിത്രൻ | 1/407 കുമ്മായം വിലപന നടത്തുന്നതിന് | 300/- 120020105189/25.02.21 |
| 4 | രവീന്ദ്രൻ. എം | 12/510 ചായക്കട | 200/- 120020105039/23.02.21 |
| 5 | ജി.രഞ്ജന | 5/9 ഫാൻസി | 300/- 120020105226/25.02.21 |
| 6 | ഭരതൻ. കെ. പി | 4/164 സ്റ്റേഷണറി | 300/- 120020106009/23.02.21 |
| 7 | പി.രാജീവൻ | 11/182 A പലചരക്ക് കട | 200/- 120020100188/27.04.21 |
| 8 | ഉദയഭാനു. വി | 9/396 പലചരക്ക് കട | 300/- 120020100275/03.06.21 |
| 9 | എം. കുമാരൻ | 9/394 ആയുർവ്വേദ ഔഷധ വില്പന | 200/- 120020100277/03.06.21 |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(4/05.08.22) നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന നമ്പർ 17/26/18(1) തിയ്യതി 22/01/2018 പ്രകാരം കുറഞ്ഞ മുതൽ

മുടക്കുള്ള ചെറുകിട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ഫീസ് 200/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി നല്കിയിരിക്കുന്നത് . എന്നാൽ പ്രസ്തുത സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിലൊന്നും തന്നെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസുമാണ് സംരംഭകരിൽ നിന്നും ഈടാക്കേണ്ടത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-17 ലൈസൻസ് എടുക്കാതെ വളർത്തുനായകളെ പരിപാലിക്കുന്നത് ചട്ടവിരുദ്ധം

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4(1)പ്രകാരം പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 4(6)പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് പത്ത് രൂപ ഫീസ് സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ചട്ടം 5പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും പട്ടി, പന്നി എന്നിവ വളർത്തുന്നുണ്ടെങ്കിൽ 250/-രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പേവിഷ നിർമാർജ്ജനം( 39/2022) എന്ന പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് 14.02.22 , 15.02.22, 16.02.22, 17.02.22, 18.02.22, 19.02.22, 21.02.22 എന്നീ തീയതികളിൽ വളർത്തു പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിരുന്നു. പ്രതിരോധ കുത്തിവെപ്പ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 2021-2022 വർഷത്തിൽ 77 പട്ടികൾക്ക് കുത്തിവെപ്പ് നടത്തിയതായി ചേർത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പിഗ് &ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 17 വളർത്തു പട്ടികൾക്ക് മാത്രമേ ഫീസ് ചുമത്തിയിട്ടുള്ളൂ. ബാക്കിയുള്ള 60 പട്ടികൾക്ക് 1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും ,പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.42/11.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ വളർത്തുനായകളെ പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചട്ടം 5 പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള നിയമാവലിക്ക് അംഗീകാരം ലഭ്യമായിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 256, 1998 ലെ കേരളപഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള കരട് നിയമാവലി തയ്യാറാക്കുകയും ഭരണസമിതിയുടെ 09.09.2020 തീയതിയിലെ 316/20(1) നമ്പർ തീരുമാനപ്രകാരം നിയമാവലി അംഗീകരിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/12.08.22) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. നിയമാവലിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-19 അഡ്വാൻസ് നൽകിയതും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ

കടമ്പൂർ ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തെ അഡ്വാൻസ് വരവ് ചെലവുകളുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) കേരള ജല അതോറിററിക്ക് ഡെപ്പോസിറ്റ് ആയി നൽകിയ 36,47,100 രൂപ ക്രമീകരിക്കാനുണ്ടായിരുന്നു .(2020-21 വർഷം നീക്കിയിരിപ്പ്)

2018-19 -20,00,000

2019-20 -8,47,167

2020-21 -799933

ഇതിൽ 16,54,473 രൂപ 2021-22 വർഷം ക്രമീകരിച്ചതായി അഡ്വാൻസ് രജിസ്റ്ററിൽ കാണുന്നുണ്ട്. ബാക്കി തുക 19,92,627 ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ തുകകൾ ഏതൊക്കെ പദ്ധതിക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്തതാണെന്നും വിനിയോഗിക്കാതിരിക്കാൻ കാരണമെന്താണെന്നും വ്യക്തമാക്കേണ്ടതാണ്.

2) ഫെസ്റ്റിവൽ അഡ്വാൻസ് സംബന്ധിച്ചുള്ള വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) വാർഡ് സാനിറ്റേഷൻ സമിതികൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ 1,30,000 രൂപ (22100195/1-6-21) ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും റീ ക്ലപ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/11-08-2022) മറുപടി നൽകിയിട്ടില്ല.

## 1-20 ലാപ്സ്ഡ് ഡെപ്പോസിറ്റ് മുതൽ കൂട്ടാതെ അവശേഷിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282, 283, 284, 285 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. എന്നാൽ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ നില നിർത്തിയിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) കരാറുകാരുടെ ഇ .എം.ഡി

| വർഷം | തുക |
|---|---|
| 2016-17 | 1500 |
| 2017-18 | 12500 |
| 2018-19 | 20666 |

2) കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്

| വർഷം | തുക |
|---|---|
| 2018-19 | 17926 |

3) സപ്ലൈയർമാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്

| വർഷം | തുക |
|---|---|
| 2018-19 | 50402 |

4) ലേല ഡെപ്പോസിറ്റുകൾ

| വർഷം | തുക |
|---|---|
| 2016-17 | 200 |
| 2017-18 | 200 |
| 2018-19 | 200 |

5) മറ്റ് ഡെപ്പോസിറ്റുകൾ

| വർഷം | തുക |
|---|---|
| 2016-17 | 29650 |
| 2017-18 | 26000 |

ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജി.ഒ (പി)നം.75/2007/ഫിൻ തീയതി 27.2.2007 പ്രകാരം ശ്രീമതി.അനില കെ, അസി.സെക്രട്ടറി, ശ്രീമതി സിന്ധു വി, സീനിയർ ക്ലർക്ക്, ശ്രുമതി ലത പി, ക്ലർക്ക്, ശ്രീ.ദിജേഷ് മുരളി, ക്ലർക്ക് എന്നിവരുടെ ആദ്യ വർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ പുനർ നിർണ്ണയിച്ചിട്ടില്ല.

2. 30.9.2020 ന് പഞ്ചായത്ത് വകുപ്പിൽ സേവനം ആരംഭിച്ച ശ്രീമതി നമിത കെ പി, ക്ലർക്കിന്റെ ആർജ്ജിതാവധി അക്കൗണ്ടിൽ നാളിതു വരെയുള്ള ആർജ്ജിതാവധി കണക്കാക്കി കാലികമാക്കിയിട്ടില്ല.

3. ശ്രീമതി അനില കെ, ശ്രീമതി സിന്ധു വി തുടങ്ങിയവരുടെ മാതൃത്വ അവധികൾ ആർജ്ജിതാവധി കണക്കാക്കുന്ന കാലയളവിൽനിന്നും നിന്നും കുറവ് ചെയ്തതിട്ടില്ല.

4. കെ എസ് ആർ ഭാഗം III, ചട്ടം 150 പ്രകാരമുള്ള സേവന പരിശോധനാ പത്രം നിർദ്ദിഷ്ട പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

5.ശ്രീമതി ജയശ്രീ വി, പാർട്ട് ടൈം സ്വീപ്പറുടെ ആർജ്ജിതാവധി 1/22 എന്ന നിരക്കിൽ കണക്കാക്കിയിട്ടുണ്ടെങ്കിലും പ്രതിവർഷം 15 എണ്ണമായി പരിമിതപ്പെടുത്തിയിട്ടില്ല.

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക -₹186548 – കുടിശ്ശികയും പിഴയും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 5/2022, വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | ₹297708 (MG-NR) |
| ചെലവ് | ₹297708 (MG-NR) |
| ബിൽ നം.& തീയതി | 2119075200590126698 5 / 15.3.2022 -₹148854<br>21190752005901429661 / 24.3.2022 -₹148854 |

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 54 ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 24809 (₹459.42/Tap/month) രൂപ പ്രകാരം 2021-22 സാമ്പത്തിക വർഷം 297708 രൂപ അടവാക്കിയിട്ടുണ്ട്. ഓരോ മാസത്തെ ബില്ലിനോടൊപ്പവും കുടിശ്ശികയും പിഴയും ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും മേൽ ടാപ്പുകളുടെ അതാത് മാസത്തെ വെള്ളക്കരം മാത്രമേ അടവാക്കുന്നുള്ളൂ. 2022 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കേണ്ട കരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 28.2.2022 ലെ നീക്കിയിരിപ്പ് | 179508 |
| പിഴ | 3521 |
| തൻമാസത്തെ ഡിമാന്റ് | 24809 |
| ആകെ | 2,07,838 |

ഇപ്രകാരം കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം, കുടിശ്ശിക ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ, സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/6.8.2022ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

2013 വരെയുള്ള കാലയളവിൽ 42 ടാപ്പുകളുടെ വെള്ളക്കരം തുകയാണ് അടവാക്കിയിരുന്നത്. ആയതിന് ശേഷം 2013 ഫെബ്രുവരിയിൽ ലഭിച്ച ബില്ലിൽ പുതുതായി സ്ഥാപിച്ച 54 ടാപ്പുകൾ ഉൾപ്പെടെ 96 ടാപ്പുകളുടെ 2012ആഗസ്റ്റ് മാസം മുതൽ 2013 ജനുവരി വരെയുള്ള കുടിശ്ശിക തുക ഉൾപ്പെടെയാണ് രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സംയുക്ത പരിശോധനയിൽ 39 ടാപ്പുകൾ മാത്രമാണ് പുതുതായി സ്ഥാപിച്ചിട്ടുള്ളതെന്നും ആയതിനുള്ള കുടിശ്ശിക തുക 227760രൂപ 2014 ലും 31.3.2015 ൽ 168231രൂപയും 1/2016 ൽ 1,00,000 രൂപയും കുടിശ്ശിക ഇനത്തിൽ അടവാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തി ആയതിനുള്ള കുടിശ്ശിക തുക ഡിമാന്റ് ചെയ്തതിനാലാണ് കുടിശ്ശിക ഇനത്തിലുള്ള തുക ബില്ലിൽ രേഖപ്പെടുത്തി വരുന്നതെന്നാണ് അറിയിച്ചത്.

ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കാതെ തെറ്റായി ബില്ല് തയ്യാറാക്കുകയും ഗ്രാമ പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ബോധ്യപ്പെട്ടതു പ്രകാരമുള്ള ടാപ്പുകളുടെ എണ്ണത്തിന് അനുസരിച്ചുള്ള ബില്ല് തയ്യാറാക്കി നൽകുന്നതിനുള്ള കാലതാമസം നേരിട്ടതിനാലുമാണ് വെള്ളക്കരം കുടിശ്ശികയുള്ളതായി രേഖപ്പെടുത്തുവാൻ ഇടയായതെന്നുമാണ് അറിയിച്ചത്. കൂടാതെ 13.11.2019 തീയതിയിലെ 1/368/19(2) നം. പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ ഉണ്ടായ കുടിശ്ശികയും പിഴ തുകയും പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിന് 16.1.2020, 17.2.2020, 16.8.2021 എന്നീ തീയതികളിൽ കേരള വാട്ടർ അതോറിറ്റി അധികൃതർക്കും 25.8.2020 ന് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

19.10.2019 തീയതിയിൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന് ശേഷം നിലവിലുള്ള 54 ടാപ്പുകളിൽ ആവശ്യമായ പൊതുടാപ്പുകൾ മാത്രം നിലനിർത്തി മറ്റുള്ളവ ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന

നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 18.2.2022, 23.5.2022 എന്നീ തീയതികളിൽ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചത്.

വെള്ളക്കരം കുടിശ്ശിക തുകയും പിഴയും ഒഴിവാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 മത്സ്യ മാർക്കറ്റിന്റെ വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടവാക്കി- ₹5324 തടസ്സപ്പെടുത്തുന്നു

എടക്കാട് മത്സ്യ മാർക്കറ്റിന്റെ 1.11.2019 മുതൽ 1.11.2021 വരെയുള്ള (കൺസ്യൂമർ നം.1166774021150) വൈദ്യുത ചാർജ് ഇനത്തിലെ കുടിശ്ശികയായ ₹5324 വൗച്ചർ നം.22000910/16.1.2022 പ്രകാരം തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും കെ എസ് ഇബി സീനിയർ സൂപ്രണ്ട്, ഇലക്ട്രിക്കൽ സെക്ഷൻ, ധർമ്മടത്തിന് അയച്ച കത്തിൽ മത്സ്യ മാർക്കറ്റ് കാലാകാലങ്ങളായി ലേലത്തിന് വിട്ടു നൽകുന്നുണ്ടെന്നും കരാർ പ്രകാരം ലേലം കൈകൊണ്ട ആളുകളാണ് വൈദ്യുത ചാർജ് അടക്കേണ്ടതെന്നും അറിയിച്ചിരുന്നു. ഇപ്രകാരം ലേലക്കാരൻ അടവാക്കേണ്ട തുക പഞ്ചായത്തിൽ നിന്നും അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം. 25/11.8.2022 ന് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മാർക്കറ്റ് തുറന്ന് പ്രവർത്തിക്കാത്ത കാലയളവിൽ ലഭ്യമായ ബില്ല് പ്രകാരം കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ കുടിശ്ശിക കണക്കാക്കി അടവാക്കിയതാണെന്നും പ്രസ്തുത തുക അതാത് കാലയളവിൽ ലേലം കൈകൊണ്ട ആളുകളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വൈദ്യുത ചാർജ്ജ് ഇനത്തിലെ തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതു വരെ ₹5324 തടസ്സപ്പെടുത്തുന്നു.

## 1-24 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം.04/22) വികസന ഫണ്ടിൽ നിന്ന് 39120 രൂപ നിർവഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.2119075200211926/23.7.2021) ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നുണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചുകൊണ്ടുള്ള കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ കത്ത് ബന്ധപ്പെട്ട ഫയലിൽ ഉണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടികളെ ദത്തെടുക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

| പ്രോജക്ടിന്റെ പേര് & നം. | കന്നുകുട്ടികളെ ദത്തെടുക്കൽ ,67/2022 | കന്നുകുട്ടികളെ ദത്തെടുക്കൽ ,107/2022 (Spill Over) |
|---|---|---|
| അടങ്കൽ | ₹93750 (വികസന ഫണ്ട്)<br>₹93750 (സംസ്ഥാന ഫണ്ട്)<br>₹187500 (മറ്റുള്ളവ)<br>₹375000 | ₹50000 (വികസന ഫണ്ട്)<br>₹50000 (ജില്ലാ പഞ്ചായത്ത്ഫണ്ട്)<br>₹100000 (മറ്റുള്ളവ)<br>₹200000 |
| ചെലവ് | ₹93750 (വികസന ഫണ്ട്) | ₹50000 (വികസന ഫണ്ട്) |
| ബിൽ നം.& തീയതി | JCA.02/21-22 /17.12.2021 | JCA.01/21-22/29.11.2021 |

ഗ്രാമ സഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കന്നുകാലികൾക്ക് സബ്സിഡി

നിരക്കിൽ തീറ്റ നൽകി ശാസ്ത്രീയമായി വളർത്തുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ആയതിലേക്കായി യഥാക്രമം 93750 രൂപയും 50,000രൂപയും SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/12.8.2022&35 /12.8.2022) SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ടെന്നും തീറ്റ വിതരണം തുടരുന്ന പദ്ധതി ആയതിനാലാണ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാതിരുന്നതെന്നും നാളിതുവരെയുള്ള ചെലവിന്റെ വിനിയോഗത്തിനായി ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമായാൽ ഉടൻ അറിയിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-26 ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു. 25204 രൂപ നിരാകരിക്കുന്നു.

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ താഴെ ചേർക്കും പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതിരുന്നതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചിരിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0188/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ പ്രധാന കവലകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ |
| അടങ്കൽ | ₹290000<br>(₹288100-ധനകാര്യ കമ്മീഷൻ അവാർഡ്)<br>1900- തനത് ഫണ്ട് |
| ചെലവ് | ₹273962 ധനകാര്യ കമ്മീഷൻ അവാർഡ് |
| വൗച്ചർ നമ്പർ, തീയ്യതി (ക്യാഷ് ബുക്ക് പ്രകാരം ) | 188/21-22/30-03-2022 |
| എം ബുക്ക് നമ്പർ | 149/2021-22 |
| കരാറുകാരന്റെ പേര് | ശ്രീ.നിവേദ് എം. |
| കരാർ നമ്പർ/ തീയ്യതി | AE/KP/27/LSGD/21-22 /14-03-2022 |
| പ്രവൃത്തി മൂല്യം | 244609 |
| ടെണ്ടർ നിരക്ക് | 9.2% കുറവ് |
| അനുവദനീയമായ തുക (-9.2%) | 222105 |
| അനുവദിച്ച തുക | 244609 |
| അധികം കണക്കാക്കിയ തുക | 22504 |
| അനുവദനീയമായ ജി.എസ്. റ്റി തുക (12%) | 26653 |
| അനുവദിച്ച ജി.എസ്. റ്റി തുക | 29353 |
| അധികം കണക്കാക്കിയ തുക | 2700 |
| അധികം അനുവദിച്ച തുക ആകെ (22504 + 2700) | 25204 |

നിർവഹണ ഉദ്യോഗസ്ഥ ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വൗച്ചർ നമ്പറാണ് മേൽ പരാമർശിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം കണക്കാക്കിയത് |
|---|---|---|---|

| | | | |
|---|---|---|---|
| ടെണ്ടർ തുക (-9.2%) | 222105 | 244609 | 22504 |
| അനുവദനീയമായ ജി.എസ്.റ്റി (12%) | 26653 | 29353 | 2700 |
| ആകെ | 248758 | 273962 | 25204 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-31/11-08-2022) മറുപടിയിൽ കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കാൻ കത്ത് നൽകുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കിഴിവുകൾ ഈടാക്കിയിട്ടുണ്ട്. അധികം നൽകിയ തുക 25204 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-27 പൂർത്തീകരിക്കാൻ വൈകിയ നിർമ്മാണ പ്രവൃത്തി- കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയില്ല.

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ താഴെ ചേർക്കും പ്രകാരമുള്ള പ്രവർത്തി എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ച കാലാവധിക്കു ശേഷമാണ് പൂർത്തീകരിച്ചതെങ്കിലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയാണ് ബിൽ തുക അനുവദിച്ചത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 144/2022 |
| പ്രോജക്ടിന്റെ പേര് | സേവാ ഗ്രാം ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | 105867 (ഓഡിറ്റ് വർഷം) |
| ഫണ്ട് | വികസന ഫണ്ട് സാധാരണ വിഹിതം |
| ചെലവ് | ₹105867 |
| എസ്റ്റിമേറ്റ് | 1,20,000 |
| വൗച്ചർ നമ്പർ, തീയ്യതി,തുക | 141/2/22/25-03-22/105867 (ക്യാഷ് ബുക്ക് പ്രകാരം ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല) |
| എം ബുക്ക് നമ്പർ | 82/2021 |
| കരാറുകാരന്റെ പേര് | ശ്രീ.സജിത് വി.സി |
| പ്രവൃത്തി മൂല്യം | 94524 |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ നമ്പർ/ തീയ്യതി | AE/KP/08/LSGD/2021-22 /22-11-2021 |
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയ്യതി | 25-11-2021 |
| കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയ്യതി | 24.12.2021 (30 ദിവസം) |
| പൂർത്തിയായ തീയതി | 21-01-2022 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-17/08-08-22) മറുപടിയിൽ ,കരാറുകാരന് കത്തു നൽകി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2012ലെകേരള പൊതു മരാമത്ത് മാനുവലിൽ വ്യവസ്ഥ ചെയ്തതു പ്രകാരമുള്ള പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 പ്രവൃത്തി പൂർത്തിയായ ശേഷം മരാമത്ത് പ്രവൃത്തികളുടെ കാലാവധി മുൻകാല പ്രാബല്യത്തോടെ ദീർഘിപ്പിച്ചുനൽകുന്നത് ഒഴിവാക്കേണ്ടതാണ്

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ച കാലാവധി ഭരണ സമിതി നീട്ടി നൽകുകയുണ്ടായി. പ്രവൃത്തി പൂർത്തിയായതിനു ശേഷം മുൻകാല പ്രാബല്യത്തോടെ പ്രവൃത്തി നീട്ടി നൽകുന്ന പ്രവണതയാണ് കാണുന്നത്. ഉദാഹരണങ്ങൾ താഴെ താഴെ ചേർക്കുന്നു.

1) കാടാച്ചിറ ഹൈസ്കൂൾ വെള്ളച്ചാൽ പറമ്പ് റോഡ് മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S00120/22 |
| അടങ്കൽ , ഫണ്ട് | 10,07,82 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 1,00,782 |
| എസ്റ്റിമേറ്റ് | 1,10,000 |
| വൗച്ചർ നമ്പർ, തീയ്യതി,തുക | 120/21-22/9-2-22 |
| എം ബുക്ക് നമ്പർ | 77/21 |
| കരാറുകാരന്റെ പേര് | ടി. വിനയരാജൻ |
| പ്രവൃത്തി മൂല്യം | 89984 |
| ടെണ്ടർ തുക/ കരാർ തുക | എസ്റ്റിമേറ്റ് തുക |
| കരാർ തീയ്യതി | 3-11-2020 |
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയ്യതി | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയ്യതി | 02-05-2021 |
| പൂർത്തിയായ തീയ്യതി | 20-01-2022 |
| കാലാവധി നീട്ടി നൽകിയ വികസന സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം | 14/4-3-2022 |
| കാലാവധി നീട്ടി നൽകിയ പഞ്ചായത്ത് തീരുമാനം | 2/102/22 (1) തീയ്യതി-7-03-2022 |

2) അങ്കണവാടികൾക്ക് പെയിന്റിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 117 |
| അടങ്കൽ , ഫണ്ട് | 128503 മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് |
| ചെലവ് | 128503 |
| എസ്റ്റിമേറ്റ് | 200000 |
| വൗച്ചർ നമ്പർ, തീയ്യതി,തുക | 117/21-22/22-03-22 /128503 |
| എം ബുക്ക് നമ്പർ | 139/21-22,153/21-22 &154/21-22 |
| കരാറുകാരന്റെ പേര് | വിവേക് എ.കെ |
| പ്രവൃത്തി മൂല്യം | 114735.28 |
| ടെണ്ടർ തുക/ കരാർ തുക | 12 % കുറവ് |
| കരാർ തീയ്യതി | 2-6-21 |
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയ്യതി | 2-6-21 |
| കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയ്യതി | 1-12-2021 |
| പൂർത്തിയായ തീയ്യതി | 1-2-22 |

| | |
|---|---|
| കാലാവധി നീട്ടി നൽകിയ വികസന സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം | 14/4-3-2022 |
| കാലാവധി നീട്ടി നൽകിയ പഞ്ചായത്ത് ഭരണസമിതി തീരുമാനം | 2/102/22 (1) തീയ്യതി-7-03-2022 |

3) താഴെക്കണ്ടി കളത്തിൽ താഴെ റോഡ് ടാറിംഗ് കൾവർട്ട് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 122/22 |
| പ്രോജക്ടിന്റെ പേര് | താഴെക്കണ്ടി കളത്തിൽ താഴെ റോഡ് ടാറിംഗ് കൾവർട്ട് നിർമ്മാണം |
| അടങ്കൽ , ഫണ്ട് | ₹320000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹225809 |
| വൗച്ചർ നമ്പർ, തീയ്യതി | 122/21-22/22-3-22 |
| എം ബുക്ക് നമ്പർ | 84/21 |
| കരാറുകാരന്റെ പേര് | ശ്രീ.ഷാജി എം.കെ |
| പ്രവൃത്തി മൂല്യം | 201615 |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് |
| കരാർ തീയ്യതി | 22-5-21 |
| സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയ്യതി | 27-5-21 |
| കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയ്യതി | 26-11-21 |
| പൂർത്തിയായ തീയ്യതി | 5-3-2022 |
| കാലാവധി നീട്ടി നൽകിയ വികസന സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം | 14/4-3-2022 |
| കാലാവധി നീട്ടി നൽകിയ പഞ്ചായത്ത് തീരുമാനം | 2/102/22 (1) തീയ്യതി-7-03-2022 |

കരാറുകാരന്റെ അപേക്ഷ ഫയലുകളിൽ ഉണ്ടെങ്കിലും ആയതിൽ തീയ്യതി രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 17/8.8.2022) മറുപടി നൽകിയത് 2020-21, 2021-22 വർഷങ്ങളിലെ കോവിഡ് വ്യാപനം മൂലമുണ്ടായ പ്രതി സന്ധികൾ കാരണമാണ് കരാറുകാർക്ക് സമയ ബന്ധിതമായി ഏറ്റെടുത്ത പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും ഈ സാഹചര്യങ്ങൾ പരിഗണിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം ഭരണ സമിതി കാലാവധി നീട്ടി നൽകുകയുണ്ടായതെന്നും ഇനിയുള്ള പ്രവൃത്തികളിൽ ഈ കാര്യങ്ങൾ ശ്രദ്ധിക്കും എന്നുമാണ്. പ്രവർത്തിയുടെ പുരോഗതി സമയ ബന്ധിതമായി വിലയിരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-29 പ്രിന്റർ ലഭിക്കാത്തത്

2021-22 വർഷം കടമ്പൂർ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ “അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ" എന്ന പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സി.പി.ആർ.സി.എസ് പോർട്ടൽ മുഖേന 12953 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0166/22 |
| അടങ്കൽ | 15000/- മെയിന്റനൻസ് ഫണ്ട് |

| | |
|---|---|
| | , റോഡിതരം |
| ചെലവഴിച്ച തുക | ₹12953 |
| വൗച്ചർ നമ്പർ, തീയ്യതി (ക്യാഷ് ബുക്ക് പ്രകാരം) | 166/12-11-2021 |

നിർവഹണ ഉദ്യോഗസ്ഥ ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വൗച്ചർ നമ്പറാണ് മേൽ പരാമർശിച്ചിട്ടുള്ളത്. തുക കൈമാറിയെങ്കിലും കെൽട്രോൺ ഇതേ വരെ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. 27-03-2022ലെ TVM/ITBG/RC/872/21-22 നമ്പർ കത്തിൽ 2022 ഏപ്രിൽ 30നകം പ്രിന്റർ നൽകാമെന്ന് കെൽട്രോൺ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.18/08-08-2022) മറുപടിയിൽ 10-07-2022-ന് ഒരു കത്ത് കെൽട്രോണിന് അയച്ചിരുന്നുവെന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-30 താർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാത് ഫണ്ടിൽ തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. 2021-22 വർഷവും ഈ അപാകം തുടർന്നു വരികയാണ്. സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് തുകകൾ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ-വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കണമെന്ന സർക്കാർ നിർദ്ദേശം (സർക്കുലർ 59827/ എഫ് എം /07 ത സ്വ ഭ വ 30.10.2007)പാലിക്കേണ്ടതാണ്.

## 1-31 മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല - ₹2,60,000 തടസ്സപ്പെടുത്തുന്നു

2021-22വർഷം മഴക്കാല പൂർവശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, PHC യുടെ പേരിൽ ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| വൌച്ചർ നം.22100195/31.5.2021 | ₹130000 |
| വൌച്ചർ നം.22100196/1.6.2021 | ₹130000 |
| ആകെ | ₹2,60,000 |

മേൽ തുകയുടെ ചെലവ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/10.8.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല . രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹2,60,000 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-32 ബാലസഭ കുട്ടികൾക്ക് സപോർട്സ് കിറ്റ് വിതരണം - സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹1,13,400 തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ 13 വാർഡുകളിലെയും കുട്ടികൾക്ക് ഉപകാരപ്രദമാവുന്ന രീതിയിൽ ഓരോ വാർഡിലും ഓരോ സ്പോർട്സ് ആന്റ് ഗെയിം കിറ്റുകൾ വാങ്ങുകയും ഇവ 13 വാർഡുകളിലെ അങ്കണവാടികളിൽ സൂക്ഷിക്കുകയും, കുട്ടികൾക്ക് ആവശ്യാനുസരണം മൂവ്മെന്റ് രജിസ്റ്ററിൽ സൈൻ രേഖപ്പെടുത്തി ഉപയോഗിക്കാവുന്നതുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് (ബിൽ നം/തീയതി) |
|---|---|---|---|

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബാലസഭ കുട്ടികൾക്ക് സപോർട്സ് കിറ്റ് വിതരണം 80/22 | 166400/- വികസന ഫണ്ട് | 166400/- 14/21-22 തീയതി 24.03.2022 |

പ്രൊജക്ട് പ്രകാരം 166400/- രൂപ ചെലവഴിച്ച് പ്രേമ ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർട്സ് കിറ്റ് വാങ്ങിയിട്ടുണ്ട് . സ്പോർട്ട്സ് കിറ്റിൽ താഴെ പറയുന്ന ഇനം സാധനങ്ങളാണുള്ളത്.

| ഇനം | എണ്ണം |
|---|---|
| കാരം ബോർഡ് സെറ്റ് | 13 സെറ്റ് |
| ബാഡ് മിന്റൻ കിറ്റ് | 13 സെറ്റ് |
| ചെസ്സ് ബോർഡ് സെറ്റ് | 13 സെറ്റ് |
| ഫൂട് ബോൾ കിറ്റ് | 13 സെറ്റ് |
| ക്രിക്കറ്റ് കിറ്റ് | 13 സെറ്റ് |
| സ്കിപ്പിങ്ങ് റോപ്പ് | 130 |
| റിങ്ങ് | 130 |

മേൽ പ്രൊജക്ടിലെ അപാകതകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

സർക്കാർ ഉത്തരവ് (കൈ)നം22/2018/തസ്വഭവ തീയതി 14/2/2018 ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭാപ്രവർത്തനങ്ങൾക്കു വേണ്ടി ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിനു 1000 രൂപ വീതവും പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് 40000 രൂപയുമാണ് ചെലവഴിക്കാവുന്നത്. ഈ സാഹചര്യത്തിൽ കടമ്പൂർ ഗ്രാമപഞ്ചായത്തിൽ 13വാർഡുകളിലായി സ്പോർട്സ് ആന്റ് ഗെയിംസ് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി ആകെ ചെലവഴിക്കാവുന്ന തുക 53000/-രൂപ മാത്രമാണ്. എന്നാൽ തൻ വർഷ പ്രൊജക്ട് പ്രകാരം 166400/- രൂപ ചെലവഴിച്ചിട്ടുണ്ട്. (113400/-രൂപയുടെ അധികച്ചെലവ്.)

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/08.08.22) ഈ പദ്ധതിക്ക് ബാലസഭ പ്രവർത്തനങ്ങളുമായി യാതൊരുവിധ ബന്ധവുമില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി തന്നിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പ്രോജക്ട് രൂപീകരണ ഫോറത്തിൽ പ്രസ്തുത പ്രോജക്ട് ബാലസഭ കുട്ടികൾക്ക് സ്പോർട്സ്സ കിറ്റ് വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ മറുപടി അംഗീകരിക്കാവുന്നതല്ല. ചെലവ് തുക മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ₹113400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഹോമിയോ ഡിസ്പെൻസറിക്ക് ₹200000യുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 7/2022, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 (വികസന ഫണ്ട്) |
| ചെലവ് | ₹200000 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 21190752005901270570/9.3.2022 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം 200000 രൂപ ഹോംകോ മാനേജിംഗ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കിയതിന്റെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/12.8.2022 ന് മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ലെന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് അറിയിക്കാമെന്ന മറുപടിയാണ് നൽകിയത്. മരുന്ന് ലഭ്യമാകുന്നതിനുള്ള അടിയന്തരി നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് മുറക്ക് പർച്ചേസ് ബില്ലും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-34 തുല്യതാ പഠനം -പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം.& പേര് | 3/2022, തുല്യതാ പഠനം |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ് | ₹32950 |
| വൗച്ചർ നമ്പർ, തീയ്യതി | 21001290/31.3.2022 - ₹8750<br>21001291/31.3.2022 - ₹2200<br>21001292/31.3.2022 - ₹22000<br>₹32950 |

പത്താം തരം,പ്ലസ് വൺ, പ്ലസ് ടു തുല്യത, എന്നീ കോഴ്സുകളുടെ കോഴ്സ് ഫീസായി കേരള സംസ്ഥാന സാക്ഷരാ മിഷന്റെ അക്കൌണ്ടിലേക്ക് ₹32950അടവാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | അടവാക്കിയ ഫീസ് |
|---|---|---|
| പത്താം തരം | 5 | ₹8750 |
| ഹയർ സെക്കണ്ടറി | 11 | ₹24200 |
| ആകെ | | ₹32950 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1)പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും , സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും സാക്ഷ്യപത്രം.

2)കേരള സംസ്ഥാന സാക്ഷരത മിഷന് നൽകിയ തുകയുടെ കൈപ്പറ്റ് രശീതി

3)പഠിതാക്കളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ

4)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

ടി രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/8.8.2022)2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുല്യതാ കോഴ്സിന് തുക അടച്ചവരുടെ ക്ലാസുകൾ 2022ഒക്ടോബറിൽ മാത്രമേ ആരംഭിക്കുകയുള്ളൂവെന്നും കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ മാർച്ച് മാസത്തോടെയാണ് പൂർത്തിയായതെന്നും ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിന് വരും ഗ്രാമ സഭയിൽ സാധൂകരണം നൽകുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു. 25204 രൂപ നിരാകരിക്കുന്നു.

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ താഴെ ചേർക്കും പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതിരുന്നതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചിരിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0188/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ പ്രധാന കവലകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ |
| അടങ്കൽ | ₹290000<br>(₹288100-ധനകാര്യ കമ്മീഷൻ അവാർഡ്)<br>1900- തനത് ഫണ്ട് |
| ചെലവ് തുക | ₹273962 ധനകാര്യ കമ്മീഷൻ അവാർഡ് |
| വൗച്ചർ നമ്പർ, തീയ്യതി, തുക (ക്യാഷ് ബുക്ക് പ്രകാരം ) | 188/21-22/30-03-2022/273962 |
| എം ബുക്ക് നമ്പർ | 149/2021-22 |
| കരാറുകാരന്റെ പേര് | ശ്രീ.നിവേദ് എം. |
| കരാർ നമ്പർ/ തീയ്യതി | AE/KP/27/LSGD/21-22 /14-03-2022 |
| പ്രവൃത്തി മൂല്യം | 244609 |
| ടെണ്ടർ നിരക്ക് | 9.2% കുറവ് |
| അനുവദനീയമായ തുക (-9.2%) | 222105 |
| അനുവദിച്ച തുക | 244609 |
| അധികം കണക്കാക്കിയ തുക | 22504 |
| അനുവദനീയമായ ജി.എസ്. റ്റി തുക (12%) | 26653 |
| അനുവദിച്ച ജി.എസ്. റ്റി തുക | 29353 |
| അധികം കണക്കാക്കിയ തുക | 2700 |
| അധികം അനുവദിച്ച തുക ആകെ (22504 + 2700) | 25204 |

നിർവഹണ ഉദ്യോഗസ്ഥ ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വൗച്ചർ നമ്പറാണ് മേൽ പരാമർശിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അനുവദിക്കാവുന്ന | അനുവദിച്ച | അധികം |
|---|---|---|---|

| | തുക | തുക | കണക്കാക്കിയത് |
|---|---|---|---|
| ടെണ്ടർ തുക (-9.2%) | 222105 | 244609 | 22504 |
| അനുവദനീയമായ ജി.എസ്.റ്റി (12%) | 26653 | 29353 | 2700 |
| ആകെ | 248758 | 273962 | 25204 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-31/11-08-2022) മറുപടിയിൽ കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കാൻ കത്ത് നൽകുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കിഴിവുകൾ ഈടാക്കിയിട്ടുണ്ട്. അധികം നൽകിയ തുക 25204 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 03.08.22മുതൽ 04.08.22വരെ | കെ.എസ്.എ/കെ.എൻ.ആർ /സി.6/1148/2022 തീയതി 07.10.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം -46/22 | 4,00,000 | 0 |
| | | 2,00,000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ( പട്ടിക ജാതി)-104/22 | 2,00,000 | 0 |
| | | 70,000 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി -68/22 | 70,000 | 0 |
| | | 3,50,000 | പാലിയേറ്റീവ് പരിചരണം -43/22 | 3,50,000 | 0 |
| | 1108015 | | പൊതു ശ്മശാനം പൂർത്തീകരണം 126/22 | * 10,00,000 | |
| ആകെ | 1108015 | 10,20,000 | | 20,20,000 | 1,08,015 |
| കണ്ണൂർജില്ല പഞ്ചായത്ത് | | 25,815 | നെൽകൃഷി വികസനം 135/22 | 25,815 | |
| | | 50,000 | ആട് വളർത്തൽ മിനി ഗോട്ട് ഫാം 78/22 | 50,000 | |

| | | | | | |
|---|---|---|---|---|---|
| | | 5,50,000 | പാലിയേറ്റീവ് പരിചരണം -43/22 | 5,50,000 | |
| | | 4,16,064 | സ്പർശം പാലിയേറ്റീവ് സൗഹൃദം -109/22 | 4,16,064 | |
| | | 7547 | വീട്ടുവളപ്പിൽ മത്സ്യകൃഷി-128/22 | 7547 | |
| | | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം -46/22 | 4,00,000 | 0 |
| | 1700000 | 10,00,000 | പൊതു ശ്മശാനം പൂർത്തീകരണം 126/22 | 10,00,000 | |
| | | 0 | പൊതുശ്മശാനം രണ്ടം ഘട്ടം-111/22 | * 13,12,410 | 387590 |
| | | 70,000 | ക്ഷീര കർഷകർക്ക്പാലുൽപാദനത്തിന് സബ്സിഡി-139/22 | 70,000 | |
| | | 18,000 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി -68/22 | 18,000 | |
| ആകെ | 1700000 | 25,37,426 | | 38,49,836 | 4,95,605 |

* വിനിയോഗിക്കാൻ ബാക്കിയുള്ള ₹ 4,95,605 വിനിയോഗിക്കൻ സാധ്യതയില്ലാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ് .ഇ. ബി | സബ് സെന്ററിന് വൈദ്യുതകണക്ഷൻ ലഭ്യമാക്കൽ (പ്രോജക്റ്റ് .നം.210/22) | 21190752006001347507/ 16.3.2022 | 36,402 | 36,402 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക ഇൻകം &എക്സ്പെൻഡിച്ചർ പത്രിക I-9ൽ 5,000ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ ഭാഗമായി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് . ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,12,74,495.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,12,20,541.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,204 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,78,724 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-26 | | 25,204 | ശ്രീമതി.ദിവ്യ രാജൻ.എം.ഡി(അസിസ്റ്റന്റ് എഞ്ചിനീയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 5,324 | ശ്രീമതി.സവിത.എം(സെക്രട്ടറി ) |
| 1-31 | 2,60,000 | ഡോ.മന മോഹൻ(മെഡിക്കൽ ഓഫീസർ എഫ് എച്ച് സി ) |
| 1-32 | 1,13,400 | ശ്രീമതി.ജ്ഞന.കെ.കെ (ഐസി ഡി എസ് സൂപ്പർവൈസർ) |
| ആകെ | 378724 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ദിവ്യ രാജൻ.എം.ഡി (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ എസ് ജി ഡി സെക്ഷൻ<br>കടമ്പൂർ ഗ്രാമ പഞ്ചായത്ത് | മേഘ മൽഹാർ,ഏച്ചൂർ(പി ഒ)<br>കണ്ണൂർ - |
| ശ്രീമതി.സവിത.എം (സെക്രട്ടറി) | സെക്രട്ടറി<br>കടമ്പൂർ ഗ്രാമ പഞ്ചായത്ത് | "കല്യാണി",<br>മേത്തട്ട മഠപ്പുരയ്ക്കൽ,<br>പടിഞ്ഞിറ്റാമുറി,മമ്പറം |
| ഡോ.മന മോഹൻ (മെഡിക്കൽ ഓഫീസർ എഫ് എച്ച് സി) | മെഡിക്കൽ ഓഫീസർ ,,<br>കടമ്പൂർ എഫ് എച്ച് സി | "ഇന്ദു",ചെമ്പകച്ചാൽ,<br>ആറ്റടപ്പ (പി ഒ),<br>കണ്ണൂർ |
| ശ്രീമതി.ജ്ഞന.കെ.കെ (ഐസി ഡി എസ് സൂപ്പർവൈസർ) | ഐസി ഡി എസ് സൂപ്പർവൈസർ,<br>കടമ്പൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയിൽ ഹൗസ്,പാതിരിയാട്,<br>പിണറായി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 2 |
| 2001-02 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 7 |
| 2008-09, 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 2011-12, 2012-13 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി6/ 1025/2019 തീയതി 4.11.2019 | 13 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/1803/2019 തീയതി 22.01.2020 | 22 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.6/544 /2021തീയതി 1.8.2022 | 13 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ./സി.6/500 /2021 തീയതി 27.6.2022 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3

## വാർഷിക ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| KadamburGramaPanchayat<br>RECEIPT&PAYMENTSTATEMENT | | | |
| For the period from 01-April-2021to31March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6559752.00 |
| Cash | Cash | RP-40(a) | 74296.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1184470.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1550.00 |
| 140000000 | Fees & User Charges | RP-4 | 1270640.00 |
| 150000000 | Sale & Hire Charges | RP-5 | 91728.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31411024.00 |
| 171000000 | Interest Earned | RP-9 | 129378.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8637245.00 |
| 350000000 | Other Liabilities | RP-36 | 285402.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 67391.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5230.00 |
| 311000000 | Earmarked Funds | RP-29 | 2087.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 117997.00 |
| 350000000 | Other Liabilities | RP-36 | 307030.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6093850.00 |
| 460000000 | Loans, Advances and Deposits | RP-47 | 1669473.00 |
| | Grand total | | 57908543.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3842564.00 |
| 220000000 | Administrative Expenses | RP-12 | 2465188.00 |
| 230000000 | Operations & Maintenance | RP-13 | 1547066.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2456406.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14546380.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2028171.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1015372.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 380100.00 |
| 255000000 | Maintenance Projects | RP-20 | 4937911.00 |
| 280000000 | Prior Period item | RP-26 | 20227.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 634048.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 6762457.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 534.00 |
| 280000000 | Prior Period Item | RP-26 | -7610.00 |
| 340000000 | Deposits Received | RP-34 | 213638.00 |
| 350000000 | Other Liabilities | RP-36 | 3581409.00 |
| 410000000 | Fixed Assets | RP-38 | 3941547.00 |
| 412000000 | Capital work in Progress | RP-40 | 1416356.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 377287.00 |
| 460000000 | Loans, Advances and Deposits | RP-47 | 1059490.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6625880.00 |
| Cash | Cash | RP-40(b) | 62122.00 |
| | Grand Total | | 57908543.00 |

KadamburGramaPanchayat INCOME & EXPENDITURE STATEMENT

Fortheperiodfrom01April2021to31March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4716392.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1550.00 |
| 140000000 | Fee & User Charges | I-4(b) | 1465890.00 |
| 150000000 | Sale & Hire Charges | I-5(b) | 91728.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 99984271.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 129378.00 |
| 180000000 | Other Income | I-9 | 5230.00 |
| | Total Income | | 106394439.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12096147.00 |
| 220000000 | Administrative Expenses | I-11(b) | 2465188.00 |
| 230000000 | Operations & Maintenance | I-12(b) | 1547066.00 |
| 240000000 | Interest & Finance Charges | I-13 | 534.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2456406.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29698907.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2028171.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1015372.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 45387200.00 |
| 255000000 | Maintenance Projects | I-14(e) | 4937911.00 |
| 272000000 | Depreciation | I-17(a) | 5716045.00 |
| | Total Expenditure | | 107348947.00 |
| | Gross Surplus/ Deficit of income over Expenditure | | -954508.00 |
| 280000000 | Prior Period Item | I-18 | 8672102.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -9626610.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kadambur Grama Panchayat BALANCE SHEET As On 31March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11758447.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 23466.00 |
| 312000000 | Reserves | B-3 | 31517966.00 |
| | Total Reserve & Surplus | | 19782985.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1794143.00 |
| | Total Grants, Contributions for Specific Purposes | | 1794143.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 638361.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1297515.00 |
| | Total Current Liabilities and Provisions | | 1935876.00 |
| | TOTAL LIABILITIES | | 23513004.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64826790.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -51962367.00 |
| 412000000 | Capital Work in Progress | B-11(a) | 111110.00 |
| | Total Fixed Assets | | 12975533.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 703532.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6688002.00 |
| 460000000 | Loans, Advances and Deposits | B-18 | 3145937.00 |
| | Total Current Assets, Loans and Advances | | 10537471.00 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 23513004.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.